**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T4301** **19.10.2011 ലെ മറുപടിയ്ക്ക്**

**ബി.പി.എൽ പുതുക്കിയ മാനദണ്ഡങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. റ്റി. യു.കുരുവിള**<br>**ശ്രീ.മോൻസ് ജോസഫ്** | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) ബി.പി.എൽ. നിർണ്ണയത്തിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ; | (എ) കേന്ദ്ര സർക്കാർ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിനോടൊപ്പം ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വിവരങ്ങളും ശേഖരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ ലഭ്യമാക്കിയ നിർദ്ദേശങ്ങളുടെ പ്രസക്തമായ കാര്യങ്ങൾ അനുബന്ധമായി കൊടുത്തിരിയ്ക്കുന്നു. ഇതനുസരിച്ചുള്ള സെൻസസ് 2011 ഡിസംബർ -2012 ജനുവരി മാസങ്ങളിൽ നടത്തുന്നതിനാണ് ഉദ്ദേശിയ്ക്കുന്നത്. |
| (ബി) പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ? | (ബി) പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം സാമൂഹിക - സാമ്പത്തിക ജാതി സെൻസസ് നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ മാത്രമേ എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടെന്ന് പറയുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സിന്റെ ഭാഗമായി ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെപ്രസക്തഭാഗങ്ങൾ

**********************************************************************************

ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് താഴെ പറയുന്ന രീതി അവലംബിയ്ക്കുന്നതിനാണ്.

(1) ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കേണ്ട കുടുംബങ്ങളെ ഒഴിവാക്കുക
(2) നിർബന്ധമായും ഉൾപ്പെടുത്തേണ്ട കുടുംബങ്ങളെ ഉൾപ്പെടുത്തുക
(3) മേൽ (1), (2) എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായി ബാക്കി കുടുംബത്തിന്റെ ശേഷികുറവിനെ ആധാരമാക്കി കുടുംബത്തിന് മാർക്ക് നൽകുക.

കുടുംബങ്ങളെ ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്

(i) യന്ത്രവൽകൃത ഇരുചക്ര/മൂന്നു ചക്ര/നാല് ചക്ര വാഹനങ്ങൾ/ ഫിഷിംഗ് ബോട്ട് (രജിസ്ട്രേഷൻ വേണ്ടവ) ഉള്ള കുടുംബം
(ii) ട്രാക്ടർ, കൊയ്ത്ത് മെതിയെന്ത്രം തുടങ്ങിയ യന്ത്രവൽക്കൃത മൂന്ന് ചക്ര/ നാല് ചക്ര കാർഷിക ഉപകരണങ്ങൾ ഉള്ള കുടുംബം
(iii) 50,000 രൂപയോ അധിലധികമോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള കുടുംബം
(iv) സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കുടുംബം
(v) സർക്കാരിൽ രജിസ്റ്റർ ചെയ്ത കാർഷികേതര സംരംഭങ്ങൾ ഉള്ള കുടുംബം
(vi) പ്രതിമാസം 10,000 രൂപയിൽ കൂടുതൽ വരുമാനമുള്ള കുടുംബം
(vii) വരുമാന നികുതിയോ തൊഴിൽ നികുതിയോ നൽകുന്ന കുടുംബം
(viii) മൂന്നോ അതിലധികമോ മുറികളുള്ള നല്ല രീതിയിലുള്ള ചുമരുകളും മേൽക്കുരയുമുള്ള വീടുള്ള കുടുംബം
(ix) റഫ്രിജേറ്റർ ഉള്ള കുടുംബം
(x) ലാൻഡ് ലൈൻ ഫോൺ ഉള്ള കുടുംബം
(xi) 2.5 ഏക്കറോ അതിലധികമോ ജലസേചന സൗകര്യമുള്ള ഭൂമിയും ഒപ്പം ഡീസൽ/വൈദ്യുതിയിൽ പ്രവർത്തിയ്ക്കുന്ന കുഴൽ കിണർ (ട്യൂബ്‌വെൽ/ ബോർവെൽ) ഉള്ള കുടുംബം
(xii) രണ്ടിലധികം വിളവെടുക്കുന്ന 5 ഏക്കറിലധികം വിസ്തീർണ്ണമുള്ള ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം
(xiii) 7.5 ഏക്കറോ അതിലധികമോ ഭൂമിയും ഒപ്പം ഡീസൽ/ വൈദ്യുതിയിൽ പ്രവർത്തിയ്ക്കുന്ന കുഴൽ കിണർ (ട്യൂബ് വെൽ/ ബോർവെൽ) ഉള്ള കുടുംബം.

——— ———

4) ഒഴിവാക്കൽ മാനദണ്ഡങ്ങൾക്ക് വിധേയമായി താഴെപ്പറയുന്ന വിഭാഗം കുടുംബങ്ങളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതാണ്.

(i) വീടില്ലാത്ത കുടുംബങ്ങൾ
(ii) അഗതികൾ/ഭിക്ഷാടനം നടത്തി ജീവിയ്ക്കുന്നവർ
(iii) തോട്ടിപ്പണിയെടുക്കുന്നവർ
(iv) പട്ടിക വർഗ്ഗ വിഭാഗക്കാർ
(V) നിയമാനുസൃതം വിടുതൽ ചെയ്ത അടിമപ്പണിക്കാർ.

5) ബാക്കിയുള്ള കുടുംബങ്ങളെ (ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കുന്ന കുടുംബങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തുന്ന കുടുംബങ്ങൾ എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായി) ഈ കുടുംബങ്ങളുടെ ശേഷിക്കുറവിനെ ആധാരമാക്കിയുള്ള മാർക്കിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനായി നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ കൊടുത്തിരിയ്ക്കുന്നു.

(i) ഒരു മുറിമാത്രമുള്ളതും മോശപ്പെട്ട ചുമരും മേൽക്കൂരയും ഉള്ളകുടുംബം
(ii) 16 മുതൽ 59 വയസ്സുവരെ പ്രായമുള്ള അംഗങ്ങൾ ഇല്ലാത്ത കുടുംബം
(iii) 16 മുതൽ 59 വയസ്സുവരെ പ്രായമുള്ള പുരുഷ അംഗങ്ങൾ ഇല്ലാത്തതും സ്ത്രീ ഗൃഹനാഥയായതുമായ കുടുംബം.
(iv) വികലാംഗൻ അംഗമായതും എന്നാൽ കായികശേഷിയുള്ള അംഗങ്ങൾ ഇല്ലാത്തതുമായ കുടുംബം.
(V) പട്ടികജാതി/പട്ടിക വർഗ്ഗക്കാർ ഉള്ള കുടുംബം.
(Vi) 25 വയസ്സിനുമുകളിൽ പ്രായമുള്ള നിരക്ഷരർ ഉള്ള കുടുംബം
(i) കൂലിപ്പണിയായി കായികജോലിചെയ്യുന്നതിലൂടെ മുഖ്യവരുമാനം ഉള്ളതും ഭൂരഹിതരുമായ കുടുംബം.

6) ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കുടുംബങ്ങളുടെ എണ്ണം പ്ളാനിംഗ് കമ്മീ ഷൻ തിട്ടപ്പെടുത്തിയ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളുടെ പരിധിയ്ക്ക് വിധേയമായിരിയ്ക്കും.

******** ***** ****** *******

സെക്ഷൻ ഓഫീസർ